II ഇ.ബി. XIV - കേരള നിയമസഭ/XVI-1

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ഒക്ടോബർ 28, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2019 ഒക്ടോബർ 28-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1(*1) ആരോഗ്യ മേഖലയിലെ മുന്നേറ്റം

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, നാഷണൽ ഹെൽത്ത് മിഷനുമായി ചേർന്നുള്ള ഗുണമേന്മ വർദ്ധന പ്രോഗ്രാം വഴി

(Quality Improvement Programme) രാജ്യത്തെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കുള്ള ബഹുമതിയും 29 കേന്ദ്രങ്ങൾക്ക് NQAS Accreditation-നും ആരോഗ്യമേഖലയിൽ 5200 പുതിയ തസ്തികകൾ സൃഷ്ടിച്ച് സർവ്വകാല റെക്കോർഡും നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിൽ അനസ്തേഷ്യ, ഇ.എൻ.ടി., ജനറൽ മെഡിസിൻ, ഗൈനക്കോളജി, ലബോറട്ടറി, ഓപ്പറേഷൻ തിയേറ്റർ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി വിഭാഗങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനുപുറമേ എം.ആർ.ഐ., സി.ടി. സ്കാനുകൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ്, ജില്ലാ കാൻസർ കെയർ പ്രോഗ്രാം, സ്ട്രോക്ക് യൂണിറ്റുകൾ, ട്രോമാകെയർ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും വിവിധ സ്കീമുകളുടെ ഭാഗമായി ആശുപത്രികളിൽ ലഭ്യമാക്കിവരുന്നുണ്ട്. 8 സർക്കാർ മെഡിക്കൽ കോളേജുകളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ

പൂർത്തീകരിക്കുകയുണ്ടായി. ഈ വർഷം സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ മാത്രം 3159 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഓരോ മെഡിക്കൽ കോളേജിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയും അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചും പുതിയ തസ്തികകൾ സൃഷ്ടിച്ചും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ പാലിയേറ്റീവ് കെയർ പോളിസി പ്രസിദ്ധീകരിക്കുന്നതും പാലിയേറ്റീവ് കെയർ ഗ്രിഡിന് രൂപം നൽകുന്നതുമാണ്. സംസ്ഥാനത്തെ മുഴുവൻ ആളുകളെയും സ്ക്രീൻ ചെയ്ത് ജീവിതശൈലീരോഗങ്ങൾ പരിശോധിച്ച് രേഖപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ജനസംഖ്യാടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രി തയ്യാറാക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി അശ്വമേധം പരിപാടിയും പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ആരോഗ്യ ജാഗ്രത പദ്ധതിയും ഊർജ്ജിതമായി നടപ്പിലാക്കിവരുന്നുണ്ടെന്നും കൊതുകുജന്യ രോഗങ്ങളുടെ നിരീക്ഷണത്തിനായി 30 സെന്റിനൽ സർവയലൻസ് സെന്ററുകൾ വിവിധ

ആശുപത്രികളിലായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും ഇ-ഹെൽത്ത് പദ്ധതി സജ്ജമാകുന്നതോടെ രോഗികളുടെ വിവരങ്ങളും ലാബ് റിസൾട്ടുകളും വേഗത്തിൽ ലഭ്യമാക്കാനും രോഗചികിത്സകൾ കൂടുതൽ ശാസ്ത്രീയമാക്കാനും കഴിയുന്നതാണെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ്ണ ട്രോമാകെയർ പദ്ധതിയുടെ ഭാഗമായി പ്രധാനപ്പെട്ട ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിൽ ഘട്ടംഘട്ടമായി അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തിവരുന്നുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

2(*2) ആർ.സി.ഇ.പി. കരാർ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, തോട്ടവിളകളുടെ വിലയിടിവിനും കാർഷിക പ്രതിസന്ധിക്കും ഇടയാക്കിയ ആസിയാൻ കരാറിന് പുറമേ ആർ.സി.ഇ.പി. കരാർ കൂടി നിലവിൽ വരുന്നത് സംസ്ഥാനത്തെ കാർഷിക/ക്ഷീര മേഖലയെ ഗുരുതരമായി ബാധിക്കുമെന്നും ഇക്കാര്യം കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും സഭയെ അറിയിച്ചു. 2016-ൽ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച ആശങ്കകൾ മന്ത്രിസഭ ചർച്ച ചെയ്യുകയും കരാർ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ നേരിട്ടും അല്ലാതെയും

കേന്ദ്രസർക്കാരിന് നൽകിയിരുന്നെങ്കിലും ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ കേന്ദ്രസർക്കാർ നാളിതുവരെ തയ്യാറായിട്ടില്ലെന്ന് മാത്രമല്ല പാർലമെന്റിലും ഇതിന് പ്രത്യേക സംവിധാനമില്ല. ഇക്കാര്യത്തിൽ സംസ്ഥാന തലത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്നുള്ളത് ഭരണ പ്രതിപക്ഷ ഭേദമെന്യേ ആലോചിക്കുന്നതാണെന്നും 28-10-2019-ന് തിരുവനന്തപുരത്തുവച്ച് ഒരു കൺവെൻഷൻ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

3 (*3) പി.എസ്.സി. പരീക്ഷയിൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്ക് നിയന്ത്രണം

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, പി.എസ്.സി. പരീക്ഷാ വേളയിൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ടെന്നും നിരോധനത്തിനുശേഷവും ഉദ്യോഗാർത്ഥികൾ പ്രസ്തുത ഉപകരണങ്ങൾ ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ടെന്നും 2018 ജൂലൈ 22-ന് കാസർഗോഡ് ജില്ലയിലെ ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ നിയമനത്തിന് പി.എസ്.സി. നടത്തിയ പരീക്ഷയിൽ 1, 2, 28 എന്നീ റാങ്ക് നേടിയവർ മൊബൈൽ സന്ദേശങ്ങളുടെ സഹായത്തോടെ

പരീക്ഷ എഴുതാനുണ്ടായ സാഹചര്യം സംബന്ധിച്ച് ക്രൈംബ്രാഞ്ച് ഊർജ്ജിത അന്വേഷണം നടത്തിവരികയാണെന്നും സഭയെ അറിയിച്ചു. സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും കുറ്റക്കാരായവരെ ഒഴിവാക്കി ബാക്കിയുള്ള ഉദ്യോഗാർത്ഥികളുടെ അവകാശം സംരക്ഷിക്കുമെന്നും പ്രസ്തുത കേസുമായി ബന്ധപ്പെട്ട് റീ-ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള യാതൊരു വസ്തുതയും പുറത്തുവന്നിട്ടില്ലെന്നും കേസ് ശരിയായ വഴിയിലൂടെ ഫലപ്രാപ്തിയിലെത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 409 വരെയുള്ള ചോദ്യങ്ങളിൽ 53 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)